www.malankaralibrary.com

മലങ്കര കത്തോലിക്കാസഭ തിരുവല്ല അതിരൂപത

# ബേത്‌ലെഹേം തിരുക്കുടുംബ ദേവാലയം
# ആനിക്കാട്



# വി. അൽഫോൻസാമ്മയോടുള്ള
# മദ്ധ്യസ്ഥ പ്രാർത്ഥന

www.malankaralibrary.com

www.malankaralibrary.com

# ശ്രേഷ്ഠാനുമതി



വിശുദ്ധ അൽഫോൻസാമ്മയുടെ വിശേഷണങ്ങൾ അനവധിയാണ്. സഹനത്തിന്റേയും ത്യാഗത്തിന്റേയും സ്നേഹത്തിന്റെയും പാതയിലൂടെ സ്വജീവിതത്തെ സമർപ്പിച്ച അൽഫോൻസാമ്മ ഇന്ത്യയിൽ നിന്നും വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട പ്രഥമ വിശുദ്ധ, ശുശ്രൂഷാ ജീവിതംകൊണ്ട് പരിശുദ്ധിയുടെ പരിമളം പാരിടമാകെ പരത്തിയ വിശുദ്ധ അൽഫോൻസ, ഈ അമ്മയുടെ മാധ്യസ്ഥം അനേകർക്ക് അനുഭവമായിക്കൊണ്ടിരിക്കുന്നു. സാധാരണ വിശ്വാസികളുടെ ഉപയോഗത്തിനായി പരിശുദ്ധയുടെ നാമത്തിൽ ഒരു മധ്യസ്ഥ പ്രാർത്ഥന രൂപപ്പെടുത്തണമെന്നുള്ള ബഹു. ജോൺ തോമസ് കണ്ടത്തിങ്കലച്ചന്റെ ദൈവിക ഉൾപ്രേരണയുടെ ഫലമാണ് ഈ നൊവേന പ്രാർത്ഥന.

വിശുദ്ധ അൽഫോൻസാമ്മയുടെ മധ്യസ്ഥതയിലുള്ള ഈ പ്രാർത്ഥന അനേകർക്ക് ആത്മീക വളർച്ചയ്ക്ക് സഹായകമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ അനുമതി നൽകുന്നു.

**തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**
**തിരുവല്ലാ അതിഭദ്രാസനം**

www.malankaralibrary.com

www.malankaralibrary.com

# മുഖമൊഴി



*ത്രിയേക ദൈവത്തിനു സ്തുതി*

ആർഷഭാരത സംസ്ക്കാര പൈതൃകത്തിന് മഹത്തായ സംഭാവനകൾ നൽകിയവരാണ് സന്യാസശ്രേഷ്ഠരും, മുനിവര്യരും. അവരുടെ ദർശനങ്ങളും, സഹനങ്ങളും തലമുറകളിലൂടെ സഞ്ചരിച്ച് ഇന്നയോളം എത്തിയിരിക്കുന്നു. അവരുടെ വേറിട്ട ജീവിതശൈലികളും ശക്തമായ കാഴ്ചപ്പാടുകളും ജീവിതത്തിന് പുതിയ അളവും, മാനവും നൽകി. അതിലൂടെ ലോകത്തിലായിരിക്കെ പരിപൂർണ്ണമായ് ത്യജിച്ച് കഷ്ടതകളും യാതനകളും വരിച്ച് ഗുപ്തമായ് മനനത്തെ സ്നേഹിച്ച് സ്വർഗ്ഗീയ മണിയറയിലെ മണവാട്ടിയാകുവാൻ ഭാഗ്യം സിദ്ധിച്ച അമ്മയാണ് വിശുദ്ധ അൽഫോൻസാമ്മ. അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുവാൻ തക്കവണ്ണം അന്ത്യോക്യൻ ആരാധനാരീതിയിൽ ക്രമീകൃതമായ ഒരു പ്രാർത്ഥനാപുസ്തകം ഉണ്ടാകേണ്ട ആവശ്യത്തിലേയ്ക്ക് ആഗ്രഹം വളർന്നപ്പോൾ നമ്മുടെ അഭ്യുദയകാംഷിയും ആനിക്കാട് ഗ്രിഗോറിയൻ ദയറാധിപനുമായിരിക്കുന്ന വന്ദ്യ സേവേറിയോസ് തോമസ് അച്ചൻ നമ്മുടെ ആനിക്കാട് ബെത്‌ലഹേം തിരുകുടുംബ മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ, തിരുവല്ലാ അതിഭദ്രാസനാധിപന്റെ അനുവാദത്തോടെ പ്രസിദ്ധീകരിക്കുവാൻ തക്കവണ്ണം ഒരു പുസ്തകം ചിട്ടപ്പെടുത്തിതന്നു. അച്ചനോടുള്ള നന്ദി നിസ്സീമമാണ്. അമ്മയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ പാഴായി ചൊല്ലിത്തീർക്കാനുള്ളതല്ല, അത് നമ്മുടെ ഉള്ളിൽ വളരുവാനുള്ളതാണ്. ജീവിതമായ് പിറവി കൊള്ളുവാനുള്ളതാണ്... ഏവർക്കും നന്ദി... താങ്ങായ് നിന്നവർക്ക്... സഹായിച്ചവർക്ക്...

പ്രാർത്ഥനയോടെ,

*ആനിക്കാട്* **ഫാ. ജോൺ തോമസ് കണ്ടത്തികൽ** (വികാരി)

*28-07-2016* ബേത്‌ലഹേം ഹോളി ഫാമിലി കാതലിക് ചർച്ച്

www.malankaralibrary.com

www.malankaralibrary.com

# വിശുദ്ധ അൽഫോൻസാമ്മയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന

## കൗമാ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും. ആമ്മീൻ

തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ ഓശാന.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

*ദൈവമേ, നീ പരിശുദ്ധനാകുന്നു.*

*ബലവാനേ, നീ പരിശുദ്ധനാകുന്നു.*

*മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.*

*ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ* †

*ഞങ്ങളോട് കരുണ ചെയ്യണമേ.* (മൂന്നു പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യേണമേ.

ദൈവമേ, നിനക്കു സ്തുതി, സ്രഷ്ടാവേ, നിനക്കു സ്തുതി. പാപികളായ അടിയാരോട് കരുണ ചെയ്യുന്ന മിശിഹാ രാജാവേ, നിനക്കു സ്തുതി ബാറെക്മോർ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ. നിന്റെ രാജ്യം വരണമേ. നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമി

www.malankaralibrary.com

www.malankaralibrary.com



യിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്ന് ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ.

കൃപ നിറഞ്ഞ മറിയമേ, നിനക്ക് സമാധാനം. നമ്മുടെ കർത്താവ്, നിന്നോടുകൂടെ. നീ· സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ നമ്മുടെ കർത്താവ് യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. വിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി, ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമേ. ആമ്മീൻ.

**കർമ്മി** : ശുബ്ഹോ ലാബോ ഉലബ്റോ വൽറൂഹോ കാദീശോ.

**ജനം** : ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകണമേ.

## പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ നിന്നോടുള്ള സത്യസ്നേഹത്തിൽ അന്ത്യത്തോളം ജീവിക്കുകയും, നിന്നോടുള്ള പ്രീതി നിമിത്തം സകല ദണ്ഡനങ്ങളും സ്വീകരിക്കുകയും, നിന്റെ മോക്ഷത്തെക്കുറിച്ചുള്ള ആശയിന്മേൽ കഠിനതരമായ ഞെരുക്കങ്ങൾ സഹിക്കുകയും ചെയ്തിട്ടുള്ള, വിശുദ്ധ അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയിൽ ശരണപ്പെടുന്ന ഈ സമയത്ത്, ആത്മീയ ആനന്ദവും ആഹ്ലാദവും കൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ



www.malankaralibrary.com

www.malankaralibrary.com



നിറയ്ക്കണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ നിന്നേയും നിന്റെ പിതാവിനേയും ജീവനും വിശുദ്ധിയുമുള്ളനിന്റെ റൂഹായേയും എന്നേക്കും ഞങ്ങൾ സ്തുതിക്കുവാനായിട്ട്, വിശുദ്ധ അൽഫോൻസാമ്മയ്ക്കായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഭാഗ്യങ്ങൾക്കും, അവൾ വസിക്കുന്ന ആത്മീയ മണവറയ്ക്കും, ഞങ്ങളെയും അർഹരാക്കുവാനും കൃപയരുളണമേ.

മോറാൻ വാലോഹാൻല്ഒൽമ്മീൻ.

## കുക്കിലിയോൻ

*(നയവാൻ പനപോലെ....എട്ടാം നിറം)*

ഓഫീർ തങ്കത്തുകിലങ്കിയണിഞ്ഞോളേ...ഹാ..
കേൾക്കുക നോക്കുക ചെവി ചായിക്ക
പ്രാണപ്രിയനേ പ്രണമിക്ക ഹാ...
സൂരിൻ മകളേ പ്രണമിക്ക...
ബാറെക്മോർ ശുബഹൊ ലാബോ...
മെൻ ഓലം....

**എക്ക്ബോ** (ഒരുപോലിങ്ങും....... രീതി)
ഭാരത സഭതൻ ഭാജനമേ
ഭാഗ്യനിധി അൽഫോൻസാമ്മേ
ക്ഷമയുടെ ദർപ്പണമായോളേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്...
സ്തൗമെൻ..കുറിയേ..

**അഥവാ**

തൻ ക്ലേശങ്ങൾ തിരുബലിയായ്
നാഥനു കാഴ്ചയണച്ചോളാം
ഭാഗ്യമഹാനിധി അൽഫോൻസേ...
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്...
സ്തൗമെൻ.... കുറിയേ.....



www.malankaralibrary.com

www.malankaralibrary.com



## പ്രുമിയോൻ

**കാർമികൻ:** നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് കരുണയും ദയയും യാചിക്കണം.

**ജനം:** കാരുണ്യവാനായ കർത്താവേ...

**കാർമികൻ:** സ്തുതിയും സ്തോത്രവും മഹിമയും പുകഴ്ചയും അനശ്വര കീർത്തിയും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമേ. ശുദ്ധിമതിയായ അൽഫോൻസാമ്മയുടെ ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും ശ്രേഷ്ഠതപ്പെടുത്തുകയും, അവളുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നവർക്ക് അവളുടെ പ്രാർത്ഥനകളാൽ സഹായങ്ങൾ ചൊരിയുന്നവനായ കർത്താവിനു സ്തുതി തനിക്കു മധ്യസ്ഥപ്രാർത്ഥനയുടെ ഈ സമയത്തും...

## സെദറാ

പരിപാകതയുള്ള കന്യകയും; വാഴ്ത്തപ്പെട്ടവളുമായ വിശുദ്ധ അൽഫോൻസാ, സ്വർഗ്ഗീയരുടേയും ഭൗമീകരുടേയും സംഘങ്ങളോടൊരുമിച്ച് നിന്റെ ഓർമ്മയെ ഞങ്ങൾ ബഹുമാനിക്കുന്നു. നിന്റെ വിലയേറിയ പ്രാർത്ഥനകളിൽ അഭയം പ്രാപിച്ച് നിനക്കു ഞങ്ങൾ ഭാഗ്യം നേരുന്നു. നിന്റെ സഹനം മൂലം വിശുദ്ധ സഭയുടെ കിരീടത്തിൽ നീ മാണിക്യമായി തീർന്നതിനാൽ *നിനക്കു ഭാഗ്യം.* ഞങ്ങളുടെ നല്ല യാചനകൾക്കു നീ തുറമുഖമായിത്തീർന്നതിനാൽ *നിനക്കു ഭാഗ്യം.* ബുദ്ധിയുള്ള കന്യകമാരോടുകൂടെ സ്വർഗ്ഗരാജ്യത്തിനു യോഗ്യതയുള്ളവളായി തീർന്നതിനാൽ *നിനക്ക് ഭാഗ്യം.* രോഗികൾക്കും നിന്റെ അടുക്കൽ പലവിധമായ അഭയയാചനകളുമായി വന്നുകൂടുന്നവർക്കും നീ സങ്കേതമായി തീർന്നതിനാൽ *നിനക്കു ഭാഗ്യം,* ഇപ്പോൾ നിന്റെ വിലയേറിയ പ്രാർത്ഥനകളാൽ ശണ്ഠകൾ മാഞ്ഞുപോവുകയും, കലഹങ്ങൾ ശമിക്കുകയും, തർക്കങ്ങൾ



www.malankaralibrary.com

www.malankaralibrary.com


അടങ്ങുകയും, കോപ സൂചകങ്ങളായ വടികൾ ഒഴിഞ്ഞു പോവുകയും രോഗികൾ സുഖം പ്രാപിക്കുകയും, ബല ഹീനർ ശക്തി പ്രാപിക്കുകയും, തളർന്നിരിക്കുന്നവർ ആശ്വസിക്കപ്പെടുകയും, ദുഃഖിച്ചും വിലപിച്ചുമിരിക്കുന്ന വർ പ്രത്യാശയിൽ നിറയുകയും, പിശാചുക്കൾ, ബഹിഷ്ക രിക്കപ്പെടുകയും, പരീക്ഷകൾ ദൂരീകരിക്കപ്പെടുകയും, പാപങ്ങൾ മോചിക്കപ്പെടുകയും, വിശ്വാസികളായ വാങ്ങിപ്പോയവർ ഊർശ്ലേമ്യ ഭവനങ്ങളിൽ വിശ്രമിക്കു കയും ചെയ്യുമാറാകേണമേ. ഞങ്ങളും അവരും, വിശുദ്ധ അൽഫോൻസാമ്മയെ ശ്രേഷ്ഠതപ്പെടുത്തുന്നവനുമായ ത്രിയേക ദൈവത്തിനു സ്തുതിയും സ്തോത്രവും കൃത ജ്ഞതയും ആരാധനയും സമർപ്പിക്കും.. ഹോശോ.... ദൈവത്തിൽ നിന്ന് കടങ്ങൾക്കു.......

## കോലോ

*(ദൈവാ ജനനീ എന്ന പോലെ)*

1) താതാ ദേവാ
തിരുസന്നിധിയിങ്കൽ
അണയുന്നീ അടിയാർ
പാവനയാം അൽഫോൻസാതൻ
ഓർമ്മയതിൻ നാളിൽ ഭക്ത്യാ
നിൻ സ്തുതി പാടി വണങ്ങിടുവാൻ
അരുളുക നാഥാ നൽവരമീ
നിൻ ദാസന്മാർക്കായ് അനവരതം.
***ബാറെക്മോർ ശുബഹൊ....***

2) കർത്താവിങ്കൽ
തന്നെ മുഴുവനുമായ്
ഭരമേൽപ്പിച്ചോളാം
പാവനയാകും അൽഫോൻസാ


www.malankaralibrary.com

www.malankaralibrary.com

നിന്നുടെ വൻ മദ്ധ്യസ്ഥതയിൽ
ശരണപ്പെടുമീ ദാസർക്കായ്
സർവ്വാധിപനുടെ സന്നിധിയിൽ
എന്നാളും അർത്ഥിച്ചീടണമേ..
*മെനഒലം* ..........

3) അൽഫോൻസാ നിൻ
തിരുശേഷിപ്പുകളിൽ
കുടികൊള്ളും ശക്തി
രോഗികളായോർക്കൗഷധവും
ക്ലേശിതരുടെ അഭയവുമാക
നിൻ സന്നിധിയിൽ കൂടിവരും
ജനനിവഹത്തിന്നായ് നിത്യം
കർത്താവോടർത്ഥിച്ചീടണമേ
*മൊറിയോ റാഹേം.........*

## എത്രോ – *(ധൂപ പ്രാർത്ഥന)*

കർത്താവേ! നിന്റെ ആരാധകരുടെ ശുശ്രൂഷയെ നീ കൈക്കൊള്ളുകയും, നിന്റെ പരിശുദ്ധന്മാരുടെ ഓർമ്മയിൽ നീ സന്തോഷിക്കുകയും ചെയ്യുന്നുവല്ലോ. നിന്റെ വാത്സല്യ ഭാജനമാകുന്ന വി. അൽഫോൻസാമ്മയുടെ പ്രാർത്ഥനകൾ മൂലം ഞങ്ങളുടെ ശുശ്രൂഷയെ കൈക്കൊള്ളുകയും അവളുടെ യാചനകളാൽ ഞങ്ങൾക്ക് വാഴ്വുകൾ അയച്ചു തരികയും ചെയ്യേണമേ. നിന്റെ ബഹുമാനത്തിന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ ധൂപവും പ്രാർത്ഥനകളും അപേക്ഷകളും അംഗീകരിക്കപ്പെടുമാറാകേണമേ. ഈ വിശുദ്ധയുടെ അസ്ഥികളിൽ നിന്ന്, നിന്നെ പ്രസാദിപ്പിക്കുന്ന പരിമള ധൂപം ഉയരുകയും, ഇവളുടെ മദ്ധ്യസ്ഥതയാൽ ഞങ്ങളെല്ലാവരും സഹായം പ്രാപിക്കുകയും ചെയ്യുമാറാകേണമേ.
മോറാൻ വാലോഹാൻ.......


www.malankaralibrary.com

www.malankaralibrary.com


## കോലോ

*(താതൻ ശ്ലോമ്മോ... എന്ന രീതി)*

1) ദൈവത്തിൻ തിരുവിഷ്ടം തൻ
ജീവിതമഖിലം ചെയ്തോളാം
പുണ്യനിധേ അൽഫോൻസാമ്മേ
നിൻ ചരിതം ബഹുമോദകരം
നിൻ പ്രാർത്ഥനയാൽ സർവ്വേശൻ
വാഴ്വുകൾ ഞങ്ങൾക്കേകട്ടെ
***ബാറെക്മോർ - ശുബഹോ***

2) പ്രാർത്ഥനയാം നൽ പുഷ്പങ്ങൾ
നാഥനു കാഴ്ചയണച്ചോളേ
കാരുണ്യത്തിൽ നിറകുടമേ
സഹനത്തിൽ ബലിയായോളേ
കുരിശിൻ പാത പുണർന്നോളേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
***മെൻ ഓലം*** ......

3) വേദനയാൽ വൻ ക്ലേശത്താൽ
സഭയുടെ സുതരിടറീടുമ്പോൾ
ആതുരരിവരുടെ ആശ്രയമായ്
വിണ്ണിലുദിച്ചൊരു താരകമേ
ധരയിൽ നന്മ പുലർന്നീടാൻ
നിത്യവുമഭ്യർത്ഥിക്കേണമേ
***മൊറിയോ....***


www.malankaralibrary.com

www.malankaralibrary.com



## ലുത്തിനിയ

നാമെല്ലാവരും നല്ലവണ്ണം നിന്ന് സന്തോഷത്തോടും പ്രത്യാശയോടും കൂടെ നമ്മുടെ ജീവിതങ്ങളെ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട്.... അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.... എന്ന് ഏറ്റുചൊല്ലണം. *വിശുദ്ധ അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ....*

1) സഹനവും ത്യാഗവും വഴി യേശു മിശിഹായുടെ സ്നേഹത്തിനു സാക്ഷ്യം വഹിച്ച അൽഫോൻസാമ്മേ, ഞങ്ങളുടെ എല്ലാ ജീവിത ക്ലേശങ്ങളിലും ദുഃഖങ്ങളിലും ദൈവഹിതം ദർശിക്കുവാനും അവിടുത്തെ പരിപാലനയിൽ ആശ്രയിച്ച് വിശ്വാസത്തോടെ ജീവിക്കുവാനും ഞങ്ങൾ ശക്തരാകുവാൻ.

*വിശുദ്ധ അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ....*

2) കാൽവരിയിലെ സ്ലീബാ മരത്തിന്മേൽ സ്വയം സമർപ്പിച്ച മിശിഹായെ അനുകരിച്ചുകൊണ്ട് സ്വയം ബലിവസ്തുവായി ഹോമിക്കപ്പെടുവാൻ അഭിലഷിച്ച അൽഫോൻസാമ്മേ, ഞങ്ങളുടെ ജീവിതങ്ങളെയും സ്നേഹത്തിന്റെയും സ്വയം ദാനത്തിന്റെയും നിരന്തര ബലിയായി സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരാകുവാൻ...

*വിശുദ്ധ അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ....*

3) "ഞാൻ എന്നെ മുഴുവനും കർത്താവിന് വിട്ടുകൊടുത്തിരിക്കുകയാണ്. അവിടുത്തെ ഇഷ്ടം പോലെ എന്നോട് ചെയ്തുകൊള്ളട്ടെ" എന്ന് ഏറ്റുപറഞ്ഞ അൽഫോൻസാമ്മേ, പ്രാർത്ഥാ ചൈതന്യവും വിശ്വാസതീഷ്ണതയും പ്രത്യാശയും നിറഞ്ഞ ജീവിതത്തിലൂടെ ദൈവത്തെ മഹത്വപ്പെടു



www.malankaralibrary.com

www.malankaralibrary.com


ത്തുന്നതിന് ഞങ്ങൾ പ്രാപ്തരാകുവാൻ...

*വിശുദ്ധ അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ....*

4) "എനിക്ക് എന്റെ കർത്താവിനെ മാത്രം മതി, മറ്റൊന്നും എനിക്കു വേണ്ടാ" എന്നു പറഞ്ഞുകൊണ്ട് ദൈവത്തെ സമ്പാദിച്ച അൽഫോൻസാമ്മേ ഞങ്ങളുടെ യുവതീയുവാക്കളും, വിദ്യാർത്ഥിനി വിദ്യാർത്ഥികളും അങ്ങേ മാതൃകയനുസരിച്ച്, നന്മയിലും വിശുദ്ധിയിലും ജീവിതമൂല്യങ്ങളിലും വളരുവാനും, ദൈവവിശ്വാസത്തിൽ അടിയുറച്ച് ഉചിതമായ ജീവിതാന്തസ്സ് കണ്ടെത്തി ജീവിക്കുവാനും.

*വിശുദ്ധ അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...*

5) "എല്ലാവരോടും എനിക്കു സ്നേഹമാണ് ആരേയും വെറുക്കാൻ എനിക്ക് ഒരിക്കലും കഴിയുകയില്ല" എന്ന് ഉദ്ഘോഷിച്ച അൽഫോൻസാമ്മേ, ഞങ്ങളുടെ നാടിന്റെയും രാജ്യത്തിന്റെയും ഐശ്വര്യത്തിനും അഭിവൃദ്ധിക്കും ലോക സമാധാനത്തിനു വേണ്ടിയും ഭരണാധികാരികളുടെ നന്മയ്ക്കും ക്ഷേമത്തിനും ഉത്തമമായ ഭരണത്തിനുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു...

*വിശുദ്ധ അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...*

6) തിരുസഭയുടെ സ്നേഹിതയും തിരുസഭാധികാരികളെ ഏറെ ബഹുമാനിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത അൽഫോൻസാമ്മേ, തിരുസഭയുടെ തലവനായ പരിശുദ്ധ പിതാവിനേയും നമ്മുടെ സഭയുടെ തലവനായ കാതോലിക്കാ ബാവയേയും, നമ്മുടെ അതിരൂപതാദ്ധ്യക്ഷനേയും, എല്ലാ മേൽപ്പട്ടക്കാരേയും വൈദീക


www.malankaralibrary.com

www.malankaralibrary.com



രേയും, സന്യാസി സന്യാസിനികളേയും, എല്ലാ അൽമായ സഹോദരങ്ങളേയും പരിപാലിക്കുവാനും ആത്മീയ നന്മകളാലും ദൈവിക സ്വകൃതങ്ങളാലും നിറഞ്ഞ് അവർ ദൈവത്തെ മഹത്വപ്പെടുത്തുവാനും....

*വിശുദ്ധ അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...*

നമ്മുടെ പ്രാർത്ഥനാ നിയോഗങ്ങൾ നമുക്ക് സമർപ്പിക്കാം.. *(മൗനപ്രാർത്ഥന)*

7) സകല വാനഗോളങ്ങളെയും തന്റെ പാദപീഠമാക്കിയിരിക്കുന്നവനും ഇടിമിന്നലുകളിൽ തന്റെ ഭുജവീര്യം പ്രകടിപ്പിക്കുന്നവനും, കൊടുംകാറ്റിലും വൻമഴയിലും തന്റെ മഹാ ശക്തി വെളിപ്പെടുത്തുന്നവനുമായ മിശിഹാതമ്പുരാനേ, നിന്റെ വാത്സല്യനിധിയായ വിശുദ്ധ അൽഫോൻസാമ്മയെ ഓർത്തു ഞങ്ങളോട് കരുണചെയ്യണമേ... നാം ദൈവത്തിനു പ്രീതികരമാം വിധത്തിൽ മൂന്നു പ്രാവശ്യം കുറിയേ ലായിസ്സോൻ എന്ന് ഏറ്റുചൊല്ലണം. കുറിയേ... കുറിയേ... കുറിയേ...

## കും പൗലോസ് രീതിയിൽ

രക്ഷകനാം മിശിഹാ അടിയാരിൽ - കരുണകൾ ചൊരിയണമേ
പാവന കന്യകയാം - അൽഫോൻസാതൻ പ്രാർത്ഥനയാൽ
നീക്കണമേ ശാപം - പോക്കണമേ - പാപം ദോഷമതും
ഏകണമേ ശാന്തി - വാഴണമേ - നന്മകളടിയാരിൽ
വ്യാധി വസന്തകളും - കോപത്തിൻ വടിയും
സാ-ത്താൻ തന്ത്രമതും - ദുഷ്ടന്മാരുടെ പീഢകളും
പൈശാചിക തന്ത്രങ്ങളിൽ നിന്നും - രക്ഷിതരാകണമേ
രാപകലടിയങ്ങൾക്കഭയമതും - നൽകീടണമേ..
കുറിയേ...... കുറിയേ.... കുറിയേ....
നാഥാ കൃപ ചെയ്തീടണമേ.. (3 പ്രാവശ്യം)
നാഥാ കൃപ ചെയ്യുക ദയവാൽ (3 പ്രാവശ്യം)



www.malankaralibrary.com

www.malankaralibrary.com



നാഥാ ഉത്തരമരുളണമേ (3 പ്രാവശ്യം)
ശുബഹോ ലോക് മോറാൻ - ശുബഹോ ലോക്
മോറാൻ - ശുബഹോ ലോക് സബ്റാൻ ല്
ഓലം ബാറെക്മോർ...

സ്വർഗ്ഗസ്ഥനായ .....

കൃപ നിറഞ്ഞ മറിയമേ....

വിശ്വാസപ്രമാണം

കുക്കിലിയോൻ - ബസ്മൽക്കോ & സാദീക്കോ...

**ഹൂത്തോമ്മോ**

എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നൽകുന്ന സമാധാനം നിങ്ങളിൽ നിന്ന് എടുത്തുകളയുവാൻ ആർക്കും സാധ്യമല്ല എന്ന് അരുളിചെയ്ത കർത്താവായ യേശു മശിഹാ തന്റെ ദിവ്യസമാധാനത്താൽ ഇവിടെ വന്നുകൂടിയിരിക്കുന്ന നിങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കട്ടെ.

വിശുദ്ധ അൽഫോൻസാമ്മയെ സ്വർഗ്ഗീയ ഫലങ്ങളാൽ നിറച്ച കർത്താവ് തന്റെ അനുഗ്രഹത്താൽ നമ്മെയും സന്തുഷ്ടരാക്കട്ടെ. എല്ലാവിധ ക്ലേശങ്ങളിൽനിന്നും രോഗങ്ങളിൽ നിന്നും, അസ്വസ്ഥതകളിൽ നിന്നും മോചനം നൽകി അവിടുന്ന് നിങ്ങളെ ആശ്വസിപ്പിക്കട്ടെ. ദൈവതിരുമനസ്സ് ഗ്രഹിക്കുവാനും, പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കുവാനും ആത്മീയ ഫലങ്ങളാൽ നിറയുവാനും അവിടുന്ന് നിങ്ങളെ ശക്തരാക്കട്ടെ. വിശുദ്ധ അൽഫോൻസാമ്മയുടെ മാതൃകയിൽ ജീവിച്ച് ദൈവസന്നിധിയിൽ, പ്രത്യാശയും, സമർപ്പണ ബോധവും വിശ്വാസവും ഉള്ളവരായി വിശുദ്ധിയിൽ വളർന്ന് നന്മകൾ പുറപ്പെടുവിക്കുവാൻ അവിടുന്ന് നിങ്ങളെ പ്രാപ്തരാക്കട്ടെ. ദൈവമായ കർത്താവ് നിങ്ങൾക്കും വിശ്വാസികളായ നിങ്ങളുടെ



www.malankaralibrary.com

www.malankaralibrary.com



വാങ്ങിപ്പോയവർക്കും പാപപരിഹാരം നൽകുകയും ചെയ്യുമാറാകട്ടെ.

*(കിഴക്കോട്ട് തിരിഞ്ഞ് നിന്നുകൊണ്ട്)*

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! ബലഹീനവും കുറവുള്ളതുമായ ഞങ്ങളുടെ പ്രാർത്ഥനകൾ ഉന്നതവും ഭയങ്കരവുമായ നിന്റെ സിംഹാസനത്തിന്റെ മുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമേ. ആബോ വബ്റേ ഉ-റൂഹോ കാദീശോ ഹോശോ വബ്കുൽ സ്ബാൻ ല്ഒൽമീൻ...
കുറിയേ...കുറിയേ... കുറിയേ....

ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമേ... ഇത്യാദി

## ലുത്തിനിയ –മാർ അപ്രേമിന്റെ രീതിയിൽ

1) കർത്താവിൻ സ്തുതി പാടിടുവിൻ
നാഥനെ വാഴ്ത്തി നമിച്ചീടുവിൻ
ഭാഗ്യ മഹാനിധി അൽഫോൻസാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

2) യാചനയഖിലം തിരുസവിധേ
ആദരവാർന്നു സമർപ്പിക്കും
അടിയാർക്കായ് അൽഫോൻസാമ്മേ...
നിത്യവുമർത്ഥിച്ചീടണമേ...

3) ദുരിതത്താലടിയാർ കേഴും
വേളയിൽ ആശ്വാസം നൽകാൻ
ഭാഗ്യ മഹാനിധി അൽഫോൻസാ
ഉടയവനൊടു യാചിക്കണമേ



www.malankaralibrary.com

www.malankaralibrary.com



4) സഹനത്തീയിൽ വെന്തുരുകും
ഉത്തമരാം ഭക്തന്മാർക്കായ്
സഹനത്തിൻ ബലിയായോളാം
അൽഫോൻസാമ്മേ പ്രാർത്ഥിക്ക

5) അനുപദമിടറാതഖിലേശൻ
തൻ വഴികളിലിവർ നടകൊള്ളാൻ
ഉടയവനുടെ തിരുസന്നിധിയിൽ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

6) രോഗത്തിൻ പീഢകളിലും
നാഥനു കാഴ്ചയണച്ചോളാം
അൽഫോൻസാമ്മേ, രോഗത്താൽ
വലയുന്നോർക്കായ് പ്രാർത്ഥിക്ക

7) ക്ഷാമം ദുരിതം പീഢകളും
പൈശാചികമാം കെടുതികളും
അടിയാരീന്നൊഴിവായീടാൻ
അൽഫോൻസാമ്മേ പ്രാർത്ഥിക്ക

8) താഴ്മ നിറഞ്ഞൊരു സഹനത്താൽ
നാഥനു പ്രീതിയണച്ചോളാം
പാവന കന്യക അൽഫോൻസാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

11) ഭാരത ഭൂവിൻ അഭിമാനം
കേരള സഭയുടെ പൊൻതാരം
ഭാഗ്യമഹാനിധി അൽഫോൻസാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

12) കർത്താവേ നിന്നുടെ ദാസർ
പുണ്യനിധി അൽഫോൻസാതൻ
മദ്ധ്യസ്ഥം യാചിക്കുമ്പോൾ
കൃപചൊരിയണമേ അടിയാരിൽ



www.malankaralibrary.com

www.malankaralibrary.com



13) നിർമ്മലമാം ജീവിതമതിനാൽ
അൽഫോൻസാമ്മേ പോലടിയാർ
നിൻഹിതമനുവർത്തിച്ചീടാൻ
വാഴ്വുകൾ വർഷിക്കനവരതം

14) സ്തോത്രം.... സ്തോത്രം കർത്താവേ
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ
കൃപവേണം ഞങ്ങളിലെന്നും

## ദൈവകല്പനകൾ

(1) നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാൻ അല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.

(2) നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്.

(3) കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.

(4) മാതാപിതാക്കളെ ബഹുമാനിക്കണം.

(5) കൊല്ലരുത്.

(6) വ്യഭിചാരം ചെയ്യരുത്.

(7) മോഷ്ടിക്കരുത്.

(8) കള്ളസാക്ഷ്യം പറയരുത്.

(9) അന്യന്റെ ഭാര്യയെ മോഹിക്കരുത്.

(10) അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത്.



www.malankaralibrary.com